LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്കക്ഷേമ കോർപ്പറേഷൻ

334 (1023) ശ്രീ. റ്റി. യു. കരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്കക്ഷേമ കോർപ്പറേഷൻവഴി ഇപ്പോൾ നല്കിവരുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കോർപ്പറേഷൻവഴി നല്കുന്ന തൊഴിൽദാന പദ്ധതികളുടെ ലോൺ തുക ഉയർത്തുന്നതിനും ലോൺ തുകകൾ കൃത്യമായി അടച്ച് തീർക്കുന്നവർക്ക് 5% പലിശ ഇളവു നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത കോർപ്പറേഷൻവഴി നല്കുന്ന തൊഴിൽദാന ലോൺ പദ്ധതിയിൽ 50,000 രൂപയ്ക്ക് ഒരു എംപ്ലോയി എന്നത് രണ്ട് ലക്ഷം രൂപയ്ക്ക് ഒരാൾ എന്ന നിലയിൽ പരിഷ്കരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സേവനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ബി) പരിശോധിക്കുന്നതാണ്.

(സി) നിലവിൽ രണ്ടരലക്ഷം രൂപ വരെയുള്ള വായ്പയ്ക്ക് 30,000 രൂപ അറ്റ ശമ്പളം ഉള്ള ഒരു ഉദ്യോഗസ്ഥ ജാമ്യത്തിന്മേലാണ് നൽകി വരുന്നത്.

പിന്നോക്ക വികസന കോർപ്പറേഷൻ എസ്.എൻ.ഡി.പി. യോഗത്തിന് നൽകിയ മൈക്രോ ക്രെഡിറ്റ് വായ്പ

335 (1024) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പിന്നോക്ക വികസന കോർപ്പറേഷനിൽനിന്നും എസ്.എൻ.ഡി.പി. യോഗത്തിന് ഇതേവരെയായി മൈക്രോ ക്രെഡിറ്റ് വായ്പയിനത്തിൽ എത്രകോടി രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) വായ്പാതുക, നൽകിയ തീയതി, വായ്പാ നമ്പർ, എന്നിവ ഓരോ വർഷവും എത്രയെന്ന് പ്രത്യേകം ലഭ്യമാക്കുമോ ;

(സി) എസ്.എൻ.ഡി.പി. യോഗത്തിന് വേണ്ടി വായ്പാ കരാറിൽ ഒപ്പുവച്ചതാരാണെന്നും ഇതുസംബന്ധിച്ച നിബന്ധനയും, വായ്പയുടെ മാനദണ്ഡവും എന്തെല്ലാമാണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഇതുവരെയായി 15.89 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്.

(ബി)

ക്രമ നമ്പർ	വായ്പ നൽകിയ തീയതി	വായ്പാ നമ്പർ	വായ്പാ തുക
1	31-3-2003	20103433	50,00,000
2	10-6-2004	20104635	50,00,000
3	20-11-2004	20105040	1,00,00,000
4	25-6-2005	20105689	1,00,00,000
5	31-3-2006	20106372	1,75,00,000
6	27-3-2008	20108896	2,00,00,000
7	25-8-2009	20110805	4,10,00,000
8	19-6-2014	20116300	5,00,00,000
		ആകെ	15,85,00,000

(സി) ജനറൽ സെക്രട്ടറി ശ്രീ. വെള്ളാപ്പള്ളി നടേശനാണ് വായ്പാ കരാരിൽ ഒപ്പുവച്ചിട്ടുള്ളത്. വായ്പ സംബന്ധിച്ച നിലവിലുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു:

1. NGO കൾക്ക് ലഭിക്കുന്ന വായ്പ അയൽക്കൂട്ടങ്ങൾവഴി അംഗങ്ങൾക്ക് വിതരണം ചെയ്യേണ്ടതാണ്. ഒരു അയൽക്കൂട്ടത്തിന് പരമാവധി 5 ലക്ഷം രൂപ വായ്പയായി വിതരണം ചെയ്യാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

2. അയൽക്കൂട്ടങ്ങളിലെ അംഗസംഖ്യ 20-ൽ കൂടാൻ പാടുള്ളതല്ല.

3. NBCFDC മൈക്രോ ക്രെഡിറ്റ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഓരോ അയൽക്കൂട്ടങ്ങളിലും 75% അംഗങ്ങളും മറ്റു പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരായിരിക്കണം.

4. കടുംബ വാർഷിക വരുമാനം ഗ്രാമങ്ങളിൽ 81,000 രൂപയിൽ താഴെയും നഗരപ്രദേശങ്ങളിൽ 1,03,000 രൂപയിൽ താഴെയുമുള്ള വ്യക്തികൾക്ക് മാത്രമേ വായ്പ അനുവദിക്കാനാവുകയുള്ളൂ.

5. വരുമാനദായകമായ ഏതെങ്കിലും പദ്ധതി തുടങ്ങുന്നതിന് നിലവിലുള്ള പദ്ധതി വിപുലീകരിക്കുന്നത് വായ്പാ തുക വിനിയോഗിക്കേണ്ടതാണ്.

6. ഒരു വ്യക്തിക്ക് അനുവദിക്കാവുന്ന പരമാവധി വായ്പ 25,000 രൂപ.

പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് സഹായം

336 (1025) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പിന്നോക്ക വികസന വകുപ്പിൽനിന്നും പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് എന്തെല്ലാം സാമ്പത്തിക സഹായങ്ങളും ആനുകൂല്യങ്ങളുമാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളത് ; വിശദാംശം നൽകുമോ ;

(ബി) പിന്നോക്ക വിഭാഗങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ യഥാവിധി ലഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) പദ്ധതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പിന്നോക്ക വിഭാഗങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ യഥാവിധി സമയബന്ധിതമായി അനുവദിക്കുന്നുണ്ട്. ആയത് സംബന്ധിച്ചുള്ള വിവരങ്ങൾ വകുപ്പ് മേധാവിയുടെ നേതൃത്വത്തിൽ മേഖലാ ഓഫീസർമാരുടെ പ്രതിമാസ യോഗംചേരുകയും ഫീൽഡുതല സന്ദർശനം നടത്തി സ്ഥാപനങ്ങൾ പരിശോധിച്ച് വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly